തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU MLW 3102

## എം. എ. മലയാളം (സാഹിത്യരചന)

## സർഗരചന: അടിസ്ഥാനതത്ത്വങ്ങൾ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'രാമചരിതം' എന്ന കൃതിയുടെ ചരിത്രപ്രാധാന്യം എന്ത്?

2. സ്റ്റാൻഫോഡ് സർവകലാശാലയുടെ ക്രിയേറ്റീവ് റൈറ്റിങ് സ്കൂളിൽ നിന്ന് സ്റ്റീൻ ബെക്കിന് കിട്ടിയ മൂന്ന് പ്രാഥമികപാഠങ്ങൾ എന്തെല്ലാം?

3. കവികണ്ഠാഭരണം എന്ന കൃതി പരിചയപ്പെടുത്തുക?

4. 'ക്ലാസിക്ക് കൃതി'യുടെ നിർവചനം എന്ത്?

5. 'സൈബർ കഥ' എന്നതിന് പി.കെ. രാജശേഖരൻ നൽകുന്ന നിർവചനം എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കുട്ടികൃഷ്ണമാരാരുടെ 'സാഹിത്യവിദ്യ' എന്ന ആശയം വിശദീകരിക്കുക.

7. യാന്ത്രികപുനരുൽപാദനത്തെക്കുറിച്ചുള്ള വാൾട്ടർ ബെന്യാമിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

8. ജോമട്രി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത് കൊണ്ട് ചിത്രകല തകർന്നുപോയതായി പിക്കാസോ പരാതിപ്പെട്ടത് കേട്ടിട്ടില്ലല്ലോ - എം.ടി. ഇങ്ങനെ പറയുന്ന സന്ദർഭമേത്?

9. എഴുത്തിലെ സർഗാത്മകത വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾ ചർച്ച ചെയ്യുക.



10. 'ഇതിഹാസത്തിന്റെ ഇതിഹാസത്തിലെ' നിരീക്ഷണങ്ങളിൽ നിന്ന് ഖസാക്കിലെ കഥാപാത്രങ്ങൾ രൂപം കൊണ്ട പശ്ചാത്തലം സംഗ്രഹിക്കുക.

11. ദസ്തെയവിസ്കിയുടെ വ്യക്തിസംഘർഷവും രചനാജീവിതവും തമ്മിലുള്ള പൊരുത്തം, പൊരുത്തക്കേട് വിവരിക്കുക.

12. ധ്വനികാവ്യം എന്തെന്ന് ഉദാഹരണസഹിതം വിവരിക്കുക.

13. 'കാവ്യകലയുടെ ആരംഭം' എന്ന ലേഖനത്തിലെ പ്രസക്തഭാഗം വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. രചനാസ്തംഭനം (Writers Block)എന്നാലെന്ത്? കാരണങ്ങൾ വിശദീകരിക്കുക, രചനാസ്തംഭനം മറികടക്കാനുള്ള മാർഗങ്ങൾ വ്യക്തമാക്കുക?

15. അന്തഃസന്നിവേശം എന്നാലെന്ത്? ഒരു കൃതിയുടെ വിജയത്തിന് അന്തഃസന്നിവേശം എപ്രകാരം പ്രയോജനപ്പെടുന്നു എന്ന് ചർച്ച ചെയ്യുക.?

16. കേരളത്തിന്റെ ഭൂമിശാസ്ത്രം, സാമൂഹികചരിത്രം എന്നിവ ഇവിടുത്തെ സാഹിത്യത്തിന്റെ രൂപപ്പെടലിന് എങ്ങിനെയൊക്കെ സഹായിച്ചു എന്ന് ചർച്ച ചെയ്യുക?

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU MLW 3103

## എം. എ. മലയാളം (സാഹിത്യരചന)

# സർഗ്ഗരചനയുടെ മുന്നൊരുക്കം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്രേമലേഖനം മുന്നോട്ടുവയ്ക്കുന്ന/ഉൾക്കൊള്ളുന്ന ആശയങ്ങൾ എന്തൊക്കെയാണ്?

2. പാത്രഗുപ്തി (Charcter twist) രാച്ചിയമ്മ എന്ന ചെറുക ഥയുടെ കേന്ദ്രമാണ്. രാച്ചിയമ്മ എന്ന കഥാപാത്രത്തെ മുൻനിർത്തി ഈ ഗതിമാറ്റം എടുത്തെഴുതുക.

3. വ്യത്യസ്ത ആഖ്യാനകോണുകൾ എന്തെല്ലാമാണ്?

4. തീവണ്ടിക്കൊള്ളയിലെ തീവണ്ടി ഒരു പ്രതീകമാണ്, എന്തിന്റെ പ്രതീകം?

5. കണ്ണീർപ്പാടം അന്തരീക്ഷപ്രധാനമായ ഒരു കവിതയാണ് -ഏതർത്ഥത്തിൽ?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ലഞ്ച്' എന്ന കഥയുടെ ആഖ്യാനസവിശേഷതകൾ എന്തെല്ലാമാണ്?

7. കാലികതയുടെയും സ്ഥലികതയുടെയും പ്രാധാന്യം വിശദീകരിക്കുക.

8. പറുദീസാനഷ്ടം എന്ന രചനയുടെ ഇതിവൃത്ത നിർമി തിയിലൂടെ അനാഥത്വം എന്ന പ്രമേയം സമൂർത്തമാ കുന്നു വിശദീകരിക്കുക.

9. ചിന്താവിഷ്ടയായ സീതയിലെ സീതയെ വ്യതിരിക്ത യാക്കുന്നത് 'ചിന്ത' എന്ന ഭാവവും ക്രിയയുമാണ്. ഇതിനെ സഫലമാക്കുന്നത് ആശാൻ ദീക്ഷിക്കുന്ന ഇതി വൃത്തഘടനാനിർമ്മാണ കൗശലമാണ് - അപഗ്രഥിക്കുക



10. 'മരപ്പാവകൾ' എന്ന രചന സംഭാഷണപ്രധാനമാണ്. സമർത്ഥസംഭാഷണസന്നിവേശത്തിലൂടെയാണ് കാരൂർ ഈ കഥയെ ഉജ്ജ്വലമാക്കിയത് -വിശകലനം ചെയ്യുക.

11. ലങ്കാലക്ഷമിയിലെ ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ പാത്രനിരൂപണം നിർവഹിച്ച് സി. എൻ. ശ്രീകണ്ഠൻ നായരുടെ പാത്രസൃഷ്ടീവൈഭവത്തെപ്പറ്റി വിവരിക്കുക.

12. ഒടുവിൽ ഞാനൊറ്റയാകുന്നു എന്ന കവിതയിൽ സച്ചി ദാനന്ദൻ ഉപയോഗിക്കുന്ന ബിംബങ്ങളെക്കുറിച്ച് ഒരു കുറി പ്പെഴുതുക.

13. ദൂത് എന്ന കഥയ്ക്കുള്ളിൽ കടന്നുവരുന്ന ദൃഷ്ടാന്ത കഥകൾ കഥയുടെ കേന്ദ്രപ്രമേയത്തിന്റെ സംഘാടന ത്തിൽ എന്തു പങ്കുവഹിക്കുന്നുവെന്നു വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഖസാക്കിന്റെ ഇതിഹാസത്തിലെ ഉപകഥകളുടെയും ഉപ കഥാപാത്രങ്ങളുടെയും ശക്തിസൗന്ദര്യങ്ങൾ ആവിഷ്ക രിക്കുക.

15. മരപ്പാവകൾ, രാച്ചിയമ്മ, വിൽപന, ഗ്രാമ്പൂ എന്നീ ചെറു കഥകളിലെ മുഖ്യസ്ത്രീകഥാപാത്രങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ഒരു ലഘുപ്രബന്ധമെഴുതുക.

16. ചിന്താവിഷ്ടയായ സീത, മഴുവിന്റെ കഥ, ലങ്കാലക്ഷ്മി, കിളിക്കൊഞ്ചൽ എന്നിവയെല്ലാം പൂർവ്വപാഠങ്ങളെ (Pre-text) ആധാരമാക്കുന്നു. എന്നാലവയെല്ലാം മൗലികത (Originality) ആർജ്ജിക്കുകയും ചെയ്യുന്നു - അപഗ്രഥി ക്കുക.

******

കാലത്തിലേക്ക് തുറന്നിട്ട മനസ്സാക്ഷിയുടെ ജാലകപ്പഴുതായിരുന്നു ഈ കഥാകാരൻ. കഥ നീണ്ടുപോകുമ്പോൾ എവിടെയെങ്കിലും അവസാനിക്കണമല്ലോ. കാലം ബഷീർ എന്ന കഥയ്ക്ക് ഒരടിവരയിട്ടു കഴിഞ്ഞു.

എം.ടി. വാസുദേവൻ നായർ

*അല്ലെങ്കിൽ*

b) **Absence**

I have scarcely left you
When you go in me, crystalline,
Or trembling,
Or uneasy, wounded by me
Or overshwelmed with love, as
When your eyes
Close upon the gift of life
That without cease I give you
My love,
We have found each other
Thirsty and we have
Drunk up all the water and the Blood
We found each other
Hungry
And we bit each other
As fire bites
Leaving wounds in us

But wait for me,
Keep for me your sweetness
I will give you too
A rose

Pablo Neruda

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

**MU MLW 3104**

**എം. എ. മലയാളം (സാഹിത്യരചന)**

# വിവർത്തനം: തത്ത്വവും പ്രയോഗവും

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ആബെ പ്രോവോസത് എഴുതിയ 'മാനൻ ലെസ്കോ' എന്ന നോവലിന് മലയാളപരിഭാഷ തയ്യാറാക്കിയത് ആരാണ്? എന്തായിരുന്നു മലയാളപരിഭാഷയുടെ പേര്?
2. സ്രോതഭാഷ (Source language) എന്നാലെന്ത്?
3. സ്വനപരവിവർത്തനം എന്നാലെന്ത്?
4. സ്വന്തം കൃതി ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയ ഏതെങ്കിലും 2 മലയാളി എഴുത്തുകാരെയും അവരുടെ കൃതികളെയും പരിചയപ്പെടുത്തുക.
5. വ്യാകരണവിവർത്തനം എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പാഠസമമൂല്യത (Textual equivalance) എന്നാലെന്ത്?
7. വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണ്?
8. വിവർത്തനം സംസ്കാരപഠനമായിത്തീരുന്നത് എങ്ങനെയാണെന്ന് വിശദമാക്കുക.
9. സ്വന്തം രചനകൾ മറ്റൊരു ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതുകൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്ന് പ്രസ്താവിക്കുക.
10. വിവർത്തനത്തിന്റെ ആവശ്യകത എന്താണെന്ന് വിശദമാക്കുക.
11. 'വിവർത്തനം ഒരു കലയാണ്' എന്ന പ്രസ്താവനയെ എങ്ങനെ വിലയിരുത്തുന്നു. സോദാഹരണം വ്യക്തമാക്കുക.
12. മലയാളത്തിലെ വിവർത്തനചരിത്രം സാമാന്യമായി പ്രതിപാദിക്കുക.
13. വിവർത്തനത്തിന്റെ പരിമിതകൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുക.



**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വിവർത്തനത്തിന്റെ പ്രകാരങ്ങൾ ഏതൊക്കെയാണ്. വിശദമാക്കുക.
15. മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ട ഏതെങ്കിലുമൊരു കൃതിയെ വിമർശനാത്മകമായി വിലയിരുത്തുക.
16. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കോ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കോ പരിഭാഷപ്പെടുത്തുക.

a) **കഥ അവസാനിക്കുന്നില്ല**

ഇവിടെ ഒരാൾ കഥ പറഞ്ഞുകൊണ്ടിരുന്നു. നുണയെ നേരാക്കുന്ന കഥാവിദ്യ നാം പണ്ടേ കണ്ടതായിരുന്നു. നേരിനെ മനോഹര നുണയാക്കുന്ന മറ്റൊരു മാസ്മര വിദ്യകൂടിയുണ്ടെന്നു നമുക്ക് ബോധ്യമായപ്പോൾ നാം വിസ്മയിച്ചു. മാത്രമല്ല, കഥകൾ കേട്ട്, കഥകൾ കേട്ട് കഥ പറയുന്ന ആൾ നമ്മുടെ മനസ്സിൽ വലിയൊരു കഥയായി മാറി.

എവിടെ നിന്നാണ് ഈ മനുഷ്യന് കഥകൾ കിട്ടുന്നത്? ജീവിതത്തിന്റെ പെരുവഴിയിലൂടെ സ്നേഹിച്ചും കലഹിച്ചും വഞ്ചിച്ചും പലതും ചവിട്ടി മെതിച്ചും നാം കടന്നുപോകുമ്പോൾ ഓരത്തെ ഒരൊറ്റമുറിക്കെട്ടിടത്തിന്റെകിളിവാതിൽ തുറന്നു കിടക്കുന്നുണ്ടായിരുന്നു. അതിലൂടെ നോക്കി നിന്ന ഒരാൾ എല്ലാം കാണുന്നുണ്ടായിരുന്നു. കേൾക്കുന്നുണ്ടായിരുന്നു. മനസ്സിന്റെ ജാലകപ്പടിയിൽ നമ്മുടെ ചലനങ്ങളും സ്വരങ്ങളും നിറങ്ങളും ഗന്ധങ്ങളും പിടച്ചെടുത്ത് അയാൾ നിരത്തിവെച്ചു. നോക്കി രസിച്ചു. നിഴൽപ്പാടിൽ നിന്ന ആ മനുഷ്യൻ ഇടയ്ക്കിടെ ചിരിക്കുന്നുണ്ടായിരുന്നു. പതുക്കെ ആ ശബ്ദം എവിടെ നിന്നെന്നറിയാതെ നാം ചിലപ്പോൾ അമ്പരന്നു. നമ്മുടെ ചിരിയുടെ കോലാഹലം അതിനോട് ചേർത്തുവെച്ച്, അത് നമ്മുടെ സ്വരം തന്നെ എന്നു സങ്കൽപ്പിക്കാൻ ശ്രമിച്ചു. അകലത്തെത്തിയപ്പോഴും ചിരി നമ്മെ പിന്തുടർന്നു. ചിരി നമ്മെ വേട്ടയാടുകയാണോ?

കാഥികനെ വിശ്വസിക്കരുത്. കഥയെ വിശ്വസിക്കു. കാഥികനിൽ നിന്ന് കഥയെ രക്ഷപ്പെടുത്തലാണ് നിരൂപകധർമ്മം എന്നു മുമ്പ് കഥ പറഞ്ഞിരുന്ന മറ്റൊരാൾ, മറ്റൊരുനാട്ടിൽ പറയുകയുണ്ടായി. ഡി.എച്ച്. ലോറൻസ്. ഇവിടെ കഥയും കാഥികനും ഒന്നായിത്തീരുക എന്ന ഒര പൂർവ്വസംഭവം ഉണ്ടായി. മലയാളം എന്ന നമ്മുടെ ചെറിയ ഭാഷയിൽ.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU MLW 3105

## എം. എ. മലയാളം (സാഹിത്യരചന)

## സംസ്കൃതം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കാളിദാസന്റെ മൂന്ന് നാടകങ്ങൾ ഏതൊക്കെ?
2. 'ല' കാരം എത്ര വിധം? ഏതെല്ലാം?
3. ഭാസകവിയുടെ, ബൃഹത്കഥ ആസ്പദമാക്കി രചിക്കപ്പെട്ട രണ്ട് നാടകങ്ങൾ ഏതൊക്കെ?
4. പഞ്ചമഹാകാവ്യങ്ങൾ ഏതെല്ലാം?
5. നാന്ദി ലക്ഷണം എഴുതുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഗുണം, വൃദ്ധി എന്നിവ സോദാഹരണം വിവരിക്കുക.
7. *"വനേചരാണാം വനിതാ സഖാനാം*
   *ദരീഗൃഹോത്സംഗ നിഷ്കത ഭാസ:*
   *ഭവന്തി യത്രൗഷധയോ രജന്യാ*
   *മതൈല പൂരാ: സുരതപ്രദീപാഃ"*

   -വ്യാഖ്യാനിക്കുക
8. *"കഃ കം ശക്തോ രക്ഷിതും മൃത്യുകാലേ?*
   *രജ്ജുച്ഛേദേ കേ ഘടം ധാരയന്തി?*
   *ഏവം ലോകസ്തുല്യധർമ്മോ വനാനാം*
   *കാലേ കാലേ ഛിദ്യതേ രുഹ്യതേച"*

   -വ്യാഖ്യാനിക്കുക
9. 'അഹോ! അജ്ഞാതവാസോƒപി അത്ര ബഹുഗുണഃ സമ്പദ്യതേ" സന്ദർഭം വിശദീകരിച്ച് ആശയം വ്യക്തമാക്കുക.
10. "നഹി രൂപമേവ വാഗപി ഖല്യസ്യ മധുരാ" -സന്ദർഭം വിശദീകരിച്ച് ആശയം വ്യക്തമാക്കുക?
11. "അഹോ സദാക്ഷിണ്യസ്യ ജനസ്യ പരിജനോപി സദാക്ഷിണ്യ ഏവ ഭവതി" -സന്ദർഭം വിശദീകരിച്ച് ആശയം വ്യക്തമാക്കുക.
12. തത്പുരുഷ സമാസ ഭേദങ്ങൾ ഉദാഹരണ സഹിതം എഴുതുക?
13. സ്വരവ്യഞ്ജനസന്ധി എന്നാലെന്ത്? ഉദാഹരണസഹിതം വിവരിക്കുക?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കുമാരസംഭവം ഒന്നാം സർഗ്ഗത്തിലെ ഹിമാലയ വർണ്ണന വിശദീകരിക്കുക.
15. വാസവദത്തയുടെ പാത്രചിത്രണം
16. 'ഉപമാ കാളിദാസസ്യ' എന്ന പ്രയോഗത്തെ വിശകലനം ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU MLW 3206

**എം. എ. മലയാളം (സാഹിത്യരചന)**

# സാഹിത്യജനുസ്സുകൾ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വിവിധ സാഹിത്യ ജനുസ്സുകളും അവയുടെ സവിശേഷതകളും വിശദീകരിക്കുക.
2. ലോക ചെറുകഥയിലെ ആദ്യകാല മാസ്റ്റർമാരെ പരിചയപ്പെടുത്തുക.
3. ലോക നോവലിലെ നാല് പ്രധാനപ്പെട്ട നോവലിസ്റ്റുകളെയും അവരുടെ രചനകളെയും പരിചയപ്പെടുത്തുക.
4. അബ്സേഡ് തിയറ്റർ എന്നാൽ എന്ത്?
5. അന്യവത്കരണ സിദ്ധാന്തം വിശദീകരിക്കുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നിർവചനങ്ങളുടെ അടിസ്ഥാനത്തിൽ ചെറുകഥയെന്ന സാഹിത്യജനുസ്സിന്റെ ലക്ഷണങ്ങൾ വിശദീകരിക്കുക.
7. ഇന്ത്യൻ കഥാലോകത്തിലെ 'പെണ്ണെഴുത്തിനെ' ശാക്തീകരിക്കുന്നതിൽ മഹാശ്വേതാദേവിയുടെ രചനകൾ വഹിച്ച പങ്ക് വിലയിരുത്തുക.
8. ഫ്രാൻസ് കാഫ്കയുടെ 'മെറ്റമോർഫോസിസ്' നോവൽ ആഖ്യാനത്തിന്റെ തന്നെ 'മെറ്റമോർഫോസിസി"ന് (രൂപാന്തരീകരണത്തിന്) കാരണമായിട്ടുണ്ടോ? വിശദീകരിക്കുക.
9. നോവലും ഇതിഹാസവും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?



10. 'അബ്സേഡിസ്റ്റ് ദുരന്ത പ്രഹസന'മാണ് പെയേഴ്സ് – വിശദമാക്കുക.
11. ലോക നാടകവേദിയുടെ ചരിത്രം ചുരുക്കി വിവരിക്കുക.
12. സിൽവിയാ പ്ലാത്തിന്റെ കവിതകളുടെ ഭാവുകത്വപരമായ സവിശേഷതകൾ വിശദീകരിക്കുക.
13. വില്യം വേഡ്സ്വർത്തിന്റെ 'എ കംപ്ലെയ്ന്റ്' നഷ്ടപ്പെടലിന്റെ വൈകാരികാനുഭവത്തെ കാല്പനികമായി അവതരിപ്പിക്കുന്ന കവിതയാണ് –വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പുരാണ – ഇതിഹാസങ്ങളിലെ മനങ്ങളും വിടവുകളും കഥാപാത്ര വൈവിധ്യങ്ങളും പുതിയ സർഗ്ഗരചനകൾക്കുള്ള സാധ്യതകൾ മുമ്പോട്ടുവക്കുന്നുണ്ടോ? ഉദാഹരണസഹിതം വിശദീകരിക്കുക.
15. നാടകം എന്ന സാഹിത്യജനുസ്സിനെ രംഗകല/രംഗപാഠം എന്നീ നിലകളിൽ വിലയിരുത്തു, ലോക നാടകരംഗത്തെ ഭാവുകത്വമാറ്റങ്ങളെപ്പറ്റി ഉപന്യാസം തയ്യാറാക്കുക.
16. സമകാലിക ലോക കവിതയുടെ ഭാവുകത്വപരമായ സവിശേഷതകൾ വിലയിരുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU MLW 3207

**എം. എ. മലയാളം (സാഹിത്യരചന)**

# മലയാളകവിത

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പാട്ടിന്റെ ലക്ഷണം വിശദീകരിക്കുക.
2. കിളിപ്പാട്ട് വൃത്തങ്ങൾ ഏവ?
3. നളചരിതം ആട്ടക്കഥക്ക് ഏ. ആർ. രചിച്ച വ്യാഖ്യാന ത്തിന്റെ പേരെന്ത്?
4. കാല്പനിക പ്രസ്ഥാനം എന്നാൽ എന്ത്?
5. കുറുക്കൻ കുന്ന് കെ. ആർ. ടോണിയുടെ കവിതയാണ്. 'ദി കുറുക്കൻ' ആരുടെ കവിതയാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ആദ്യകാല പാട്ടുകൃതികളുടെ പ്രമേയപരവും ഘടനാപരവും ഭാഷാപരവുമായ പ്രത്യേകതകൾ വിലയിരുത്തുക.
7. മലയാളഭാഷയുടെ സൗന്ദര്യത്തെ അടുത്തറിയാൻ സഹായിക്കുന്ന കൃതിയാണ് കൃഷ്ണഗാഥ -വിശദീകരിക്കുക.
8. ഭക്തിയും തത്ത്വചിന്തയും ഒരുപോലെ സമ്മേളിക്കുന്ന കൃതിയാണ് ജ്ഞാനപ്പാന -സമർത്ഥിക്കുക.
9. നളചരിതം ആട്ടക്കഥയെ ഒരു രംഗപാഠം എന്ന നിലയിൽ വിലയിരുത്തുക.
10. ആശാൻ കവിതയുടെ ഭാവപരിസരങ്ങളെ 'നളിനി'യെ മുൻനിർത്തി വിശദീകരിക്കുക.



11. മലയാളകവിതയിലെ പാരിസ്ഥിതിക ദർശനങ്ങൾക്ക് ഉദാഹരണങ്ങളാണ് കുറ്റിപ്പുറം പാലം, ഭൂമിക്കൊരു ചരമഗീതം, കൊച്ചിയിലെ വൃക്ഷങ്ങൾ എന്നീ കവിതകൾ -വിശദീകരിക്കുക.
12. ആഗോളവത്കരണവും ഉദാരവത്കരണവും ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളുടെ പ്രതിഫലനം ആധുനികോത്തര കവിതകളിൽ കാണാവുന്നതാണ്. ഉദാഹരണ സഹിതം വിശദീകരിക്കുക.
13. ദാമ്പത്യം, ഐഡന്റിറ്റി കാർഡ്, കൊതിയൻ എന്നീ കവിതകൾ മുമ്പോട്ട് വെക്കുന്ന ആദർശപരമായ ചിന്തകൾ വിശകലനം ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളത്തിലെ ഭക്തിസാഹിത്യത്തിന്റെ സവിശേഷതകളെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക.
15. മലയാള കാല്പനിക കവിതകളുടെ ലാവണ്യാത്മകമായ സവിശേഷതകളെ വിമർശനാത്മകമായി വിലയിരുത്തുക
16. ആധുനികോത്തര കവിതയിലെ ദളിത് - സ്ത്രീ - പരിസ്ഥിതി ചിന്തകളുടെ ആവിഷ്കാരങ്ങളെ ഭാഷയുടെയും ശൈലിയുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU MLW 3208

**എം. എ. മലയാളം (സാഹിത്യരചന)**

# മലയാളചെറുകഥ

സമയം: 3 മണിക്കൂർ                മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗസ്റ്റാവ് ഫ്രീ ടാഗ് പിരമിഡ് വിശദീകരിക്കുക.
2. ആധുനികതാകാലത്തെ മലയാളചെറുകഥയുടെ ഇതിവൃത്തങ്ങൾ ഏത് തരത്തിലുള്ളവയായിരുന്നു?
3. 'പാപത്തറ' മലയാള ഫെമിനിസത്തിന് നൽകിയ സംഭാവനയെന്ത്?
4. സംയോജിത രീതി എന്നാൽ എന്ത്?
5. അനുമാന കഥ എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യൻ കഥാപാരമ്പര്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.
7. എം. പി. പോളിന്റെ ചെറുകഥാ വിഭജനം പരിചയപ്പെടുത്തുക.
8. കഥാപാത്രത്തിന്റെ കാഴ്ചപ്പാടിനെപ്പറ്റിയുള്ള വിവിധ സങ്കല്പനങ്ങൾ ക്രോഡീകരിക്കുക.
9. 'കഥാപാത്രവും സംഘർഷവും ചേരുമ്പോൾ കഥയുടെ ഇതിവൃത്തം സംജാതമാവുന്നു. ഉദാഹരണസഹിതം വ്യക്തമാക്കുക.
10. ചെറുകഥകളിലെ സംഭാഷണങ്ങൾ വികാരവിനിമയശേഷി പുലർത്തുന്നുണ്ടോ? ഉദാഹരണ സഹിതം വിശദീകരിക്കുക.



11. കഥന ഭാഷയും കഥാപാത്ര ഭാഷയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
12. മലയാള ചെറുകഥയിലെ പഞ്ചേന്ദ്രിയാനുഭവബിംബങ്ങളെപ്പറ്റി കടൽ തീരത്ത്, എലികൾ, എരണ്ടകൾ എന്നീ കഥകളെ മുൻനിർത്തി വിശദീകരിക്കുക.
13. ആഖ്യാനത്തിന്റെ ടോണും അഭിഭാവവും കഥാകഥനത്തെ സ്വാധീനിക്കുന്നത് എങ്ങനെയെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കഥപറച്ചിലിന്റെ ആഖ്യാന രീതികളെക്കുറിച്ച് വിവിധ മാതൃകകളുടെ അടിസ്ഥാനത്തിൽ വിശകലനക്കുറിപ്പ് തയ്യാറാക്കുക.
15. മലയാള ചെറുകഥയിലെ കഥാപാത്ര സംവിധാനത്തെക്കുറിച്ച് മരപ്പാവകൾ, നനഞ്ഞ ശിരോവസ്ത്രങ്ങൾ, പാപത്തറ എന്നീ കഥകളെ മുൻനിർത്തി വിശദീകരിക്കുക.
16. മലയാള ചെറുകഥയുടെ ആധുനികവും ഉത്തരാധുനികവുമായ ഇതിവൃത്ത പരിണിതികളെ വിമർശനാത്മകമായി വിലയിരുത്തുക.

******

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. 'സ്ത്രീകൾ നമ്മുടെ സമൂഹത്തിൽ പലരീതിയിൽ നേരിടുന്ന വെല്ലുവിളികളുടെ പ്രതിനിധികളാണ് 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ ചർച്ച ചെയ്യുക.

15. പുതിയ കാലത്തിൽ, ചരിത്ര പുനർനിർമ്മിതിയുടെ സാധ്യത എത്രത്തോളമുണ്ടെന്ന് വിശദമാക്കുകയാണ് എൻ. പ്രഭാകരന്റെ 'ജനകഥ' എന്ന നോവൽ വിശദമാക്കുക.

16. അറുപതുകളിൽ കടന്നുവന്ന ആഖ്യാനപരീക്ഷണങ്ങൾക്ക് ഉത്തമ ദൃഷ്ടാന്തമാണ് അരവിന്ദന്റെ 'ചെറിയ ലോകവും വലിയ മനുഷ്യനും" എന്ന കൃതി പരിശോധിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU MLW 3209

**എം. എ. മലയാളം (സാഹിത്യരചന)**

# മലയാളനോവൽ

സമയം: **3** മണിക്കൂർ

മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. "നാളെ.... നാളെ.... അയാൾ മന്ത്രിക്കുകയാണ്. അതുവരെ അയാളുടെ ജീവിതത്തിൽ നാളെ ഉണ്ടായിരുന്നില്ല. അന്നാദ്യമായി അയാൾക്കൊരു നാളെ ഉണ്ടായി" സന്ദർഭം വിശദമാക്കുക.
2. "അങ്ങനെ പറേല്ലേ വല്യ ഇയ്ക്കാക്കാ എന്റെ ആട് അതൊന്നും ചെയ്യേല" സൂചിതം എന്ത്?
3. 'ഞാൻ കിസ്സോഫോണാണ്' ഇവിടെ 'കിസ്സോഫോൺ' എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?
4. 'ഒരു മനുഷ്യജീവിക്ക് ഇതിൽപ്പരം ആനന്ദത്തിന് വേറെന്തു വേണം? സന്ദർഭം വിശദമാക്കുക.
5. 'എരി' എന്ന നോവൽ രചിച്ചതാര്? ഇതിലെ നവോത്ഥാന നായകന്റെ പേരെന്ത്? പ്രവർത്തന മേഖലയായ സാങ്കൽപികദേശം ഏത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ചരിത്രവും ശാസ്ത്രവും ഗണിതവും കാമവും ഇടകലർന്നുള്ള വ്യത്യസ്തമായ ഒരു ആഖ്യാനമാണ് 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിൽ ഉള്ളത് വിശദമാക്കുക.
7. സാഹിത്യവും ചരിത്രവും ഇടകലർന്ന ആഖ്യാനരീതിയാണ് 'നിലംപൂത്തുമലർന്നനാൾ' എന്ന നോവലിന്റെ ഒരു സവിശേഷത വിശദമാക്കുക.



8. 'ഒടിയുന്ന കഴുത്തുകളുടെ സംഗീതം' എന്ന എം. മുകുന്ദന്റെ പ്രയോഗം 'ആരാച്ചാർ' എന്ന നോവലിന്റെ പ്രമേയത്തോട് എത്രത്തോളം നിതീപുലർത്തുന്നുവെന്ന് പരിശോധിക്കുക.
9. വാർദ്ധക്യം ശാപമോ രോഗമോ ആണെന്ന് കരുതുന്ന സമൂഹത്തിന്റെ കാവൽക്കാരാണ് വൃദ്ധസദനങ്ങൾ പണിയുന്നത് എന്ന നിരീക്ഷണം 'വൃദ്ധസദനം എന്ന നോവലിനെ മുൻനിർത്തി ചർച്ച ചെയ്യുക.
10. വി. കെ. എന്നിന്റെ പതിവ് നായകനായ പയ്യന്റെ വിഹാരവേദികളാണ് 'ആരേഹണം' എന്ന നോവലിന്റെ പ്രമേയപരിസരം -പരിശോധിക്കുക.
11. 'പാശ്ചാത്യ സാഹിത്യത്തിന്റെ പ്രതിഫലനമായ മൂല്യനിഷേധത്തിനപ്പുറം ഭാരതീയ ദർശനത്തിന്റെ സത്താവിശേഷമായ ജീവിതനൈരന്തര്യത്തെക്കുറിച്ചുള്ള അവബോധമാണ് രവിയുടെ സൃഷ്ടിയിൽ ദൃശ്യമാകുന്നത് -വിശദമാക്കുക.
12. അന്തരംഗാവിഷ്കരണ പ്രവണതയാണ് 'ഉമ്മാച്ചു' എന്ന കൃതിയെ ആ കാലഘട്ടത്തിൽ വേറിട്ടു നിർത്തുന്നത് എന്ന അഭിപ്രായത്തോട് യോജിക്കുന്നുവോ?
13. 'ഇന്ദുലേഖ'യിലെ ശക്തമായ ഒരു കഥാപാത്രമാണ് പഞ്ചുമേനോൻ; നോവൽ സന്ദർഭങ്ങളെ മുൻനിർത്തി പരിശോധിക്കുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU MLW 3210

**എം. എ. മലയാളം (സാഹിത്യരചന)**

# ഭാഷാശാസ്ത്രം

സമയം: 3 മണിക്കൂർ — മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഭാഷാ പുനരുജ്ജീവനം എന്നാൽ എന്ത്?
2. നിർദ്ദേശാത്മക ഭാഷാശാസ്ത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
3. മാനസ്വരങ്ങൾ എന്നാൽ എന്ത്?
4. മുൻപ്രത്യയം, പിൻപ്രത്യയം, ഉൾപ്രത്യയം എന്നിവയ്ക്ക് ഉദാഹരണങ്ങൾ എഴുതുക.
5. ആദാനം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മനുഷ്യഭാഷയുടെ സാമാന്യലക്ഷണങ്ങൾ വിവരിച്ച് ഭാഷാശാസ്ത്രപഠനത്തിന്റെ പ്രസക്തി വ്യക്തമാക്കുക.
7. ഏക കാലിക - ബഹുകാലിക ഭാഷാശാസ്ത്ര സമീപനങ്ങളെപ്പറ്റി ലഘു ഉപന്യാസം തയ്യാറാക്കുക.
8. മലയാളത്തിലെ സ്വനിമങ്ങളെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
9. ധാതു, പ്രകൃതി, പ്രത്യയം എന്നീ സങ്കൽപനങ്ങൾ വിശകലനം ചെയ്ത് മലയാളത്തിലെ പദങ്ങളുടെ സവിശേഷതകൾ വിലയിരുത്തുക.
10. സ്വനിമാധിഷ്ഠിതവും രൂപിമാധിഷ്ഠിതവുമായ ഉപരൂപിമങ്ങളെപ്പറ്റി ലഘു ഉപന്യാസം തയ്യാറാക്കുക.
11. ഭാഷാപരിണാമ ഹേതുക്കൾ വിശദീകരിക്കുക.
12. ഭാഷോൽപത്തിവാദവുമായി ബന്ധപ്പെട്ട ഏ. ആർ. രാജരാജവർമ്മയുടെ ആറുനയങ്ങൾ ഭാഷാകുടുംബം എന്ന സങ്കല്പനത്തെ ശരിവയ്ക്കുന്നവയാണ്. ഈ വാദത്തെപ്പറ്റിയുള്ള സ്വന്ത അഭിപ്രായം രേഖപ്പെടുത്തുക.
13. ഭാഷയുടെ ഘടനാസ്വഭാവം വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യൻ ഭാഷാക്ഷേത്രത്തിന്റെ സവിശേഷതകൾ വിവരിച്ച് മലയാളഭാഷയുടെ നില വ്യക്തമാക്കുക.
15. സംസ്കൃത ജന്യവാദത്തിന്റെ സാധുതയെ ഭാഷാകുടുംബ സങ്കൽപനം റദ്ദ് ചെയ്യുന്നുണ്ടോ? വിശദീകരിക്കുക.
16. മലയാളത്തിലെ സ്വനിമങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MLWC 3311

## എം. എ. മലയാളം (സാഹിത്യരചന)

## സാഹിത്യസിദ്ധാന്തങ്ങൾ

സമയം: **3** മണിക്കൂർ

മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'പദാർത്ഥ' (Matter) ത്തിന് പ്ലേറ്റോ നൽകുന്ന വിശദീകരണമെന്ത്?
2. നാട്യശാസ്ത്രം
3. അരിസ്റ്റോട്ടിൽ പരാമർശിച്ച ഐക്യത്രയം (Three unities) എന്തെന്ന് വ്യക്തമാക്കുക.
4. അലങ്കാരങ്ങളുണ്ടാക്കാൻ ആധാരമായി ഏ.ആർ. രാജരാജവർമ്മ കല്പിക്കുന്ന നാലു സാധനങ്ങൾ?
5. കവിതയ്ക്ക് വില്യം വേഡ്സ്‌വെർത്ത് നൽകിയ നിർവചനം.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കാവ്യപ്രയോജനത്തെക്കുറിച്ച് മമ്മടാചാര്യൻ മുന്നോട്ടുവെയ്ക്കുന്ന സങ്കല്പങ്ങൾ?
7. ലിയോ ടോൾസ്റ്റോയിയുടെ കലാസങ്കല്പമെന്ത്?
8. അനുമാനസിദ്ധാന്തമെന്തെന്ന് വ്യക്തമാക്കുക?
9. 'ഉദാത്തതാവാദം കാവ്യനിരൂപണത്തിൽ കാല്പനികമായ ആദ്യത്തെ കാൽവെപ്പിനെ പ്രതിനിധാനം ചെയ്യുന്നു'-ചർച്ച ചെയ്യുക.
10. 'രസക്കേടുളവാക്കുന്നതൊക്കെയും ദോഷമാവത്' എന്ന നിർവ്വചനത്തെ മുൻനിർത്തി 'കാവ്യദോഷങ്ങളെ'ക്കുറിച്ച് വിശദീകരിക്കുക.



11. നിരൂപണധർമ്മത്തെക്കുറിച്ച് ടി.എസ്. എലിയട്ടിന്റെ കാഴ്ചപ്പാടെന്ത്? വിവരിക്കുക.
12. അകപ്പൊരുളിൽ ഉൾപ്പെടുന്ന ഐന്തിണൈയെക്കുറിച്ച് പരാമർശിക്കുക.
13. 'കവിത ജീവിതദർശന'മാണെന്ന സാഹിത്യചിന്തയുടെ പ്രസക്തിയെന്ത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കഥാർഡിസിനെക്കുറിച്ചുള്ള വ്യത്യസ്താഭിപ്രായങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.
15. 'ഭാരതീയരസവിചാരം ലാവണ്യവിഷയകമായ ഒരു ദർശനമാണ്'-ചർച്ച ചെയ്യുക.
16. ക്രോച്ചെയുടെ കലാസിദ്ധാന്ത ചർച്ച ക്രോഡീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MLWC 3312

## എം. എ. മലയാളം (സാഹിത്യരചന)

## വ്യാകരണം

സമയം: 3 മണിക്കൂർ

മാർക്ക് : 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വർണം എന്നാലെന്ത്?
2. നാമനിർമ്മായി തദ്ധിതം എന്നാലെന്ത്?
3. ദ്രവ്യനാമം എന്നാലെന്ത്?
4. വ്യഞ്ജനസന്ധിക്ക് ഉദാഹരണം നൽകുക.
5. ദ്വിഗുസമാസം എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കേരളപാണിനീയത്തിനുമുമ്പ് പ്രസിദ്ധീകൃതമായ ശ്രദ്ധേയമായ ഏതെങ്കിലുമൊരു മലയാളവ്യാകരണകൃതിയെ സാമാന്യമായി പരിചയപ്പെടുത്തുക.
7. ഭേദകം എന്നാലെന്ത്? അതിന്റെ അവാന്തരവിഭാഗങ്ങൾ ഏതെല്ലാം?
8. ദ്യോതകം എന്താണ്? അതിന്റെ വകഭേദങ്ങൾ ഏതെല്ലാം?
9. ക്രിയാവിഭജനം കേരളപാണിനീയത്തെ മുൻനിർത്തി അവതരിപ്പിക്കുക.
10. കേരളപാണിനിയുടെ സന്ധിവിഭജനം സാമാന്യമായി പരിചയപ്പെടുത്തുക.
11. മലയാളത്തിലെ തദ്ധിതരൂപങ്ങളെ സോദാഹരണം അവതരിപ്പിക്കുക.



12. മലയാളഭാഷയിൽ വരുന്ന സാംസ്കാരിക പരിണാമങ്ങൾക്ക് കാരണീഭൂതമായ പദങ്ങളും പദസംയുക്തങ്ങളും കണ്ടെത്തി ഭാഷാപരിണാമഹേതുക്കൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുക?
13. ഏകവചനം, ബഹുവചനം, പൂജകബഹുവചനം എന്നിവയുടെ ഘടനാപരവും ആർത്ഥികവുമായ വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സമാസം എന്താണെന്നു വ്യക്തമാക്കി, അതിന്റെ വകഭേദങ്ങളെ അവതരിപ്പിക്കുക.
15. കേരളപാണിനി അവതരിപ്പിച്ച ആറുനയങ്ങളുടെ പ്രസക്തിയും പ്രാധാന്യവും വിമർശനാത്മകമായി വിലയിരുത്തുക.
16. കേരളപാണിനിയുടെ ശബ്ദവിഭജനത്തെ സാമാന്യമായി അവതരിപ്പിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MLW OE 3313

**എം. എ. മലയാളം (സാഹിത്യരചന)**

# സാഹിത്യരചന: ആസ്വാദനവും ആവിഷ്കാരവും

സമയം: 3 മണിക്കൂർ | മാർക്ക് : **70**

I *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ജന്മദിനം എന്ന കഥയുടെ ഘടനാപരമായി നിർമാണ രീതിയെന്ത്? ഇതിനെ എന്തുതരം ആഖ്യാനം എന്നാണ് പറയുക?
2. സാകേതം നാടകത്തിൽ ദശരഥ മഹാരാജാവിന്റെ ഉറ്റ തോഴനായ കഥാപാത്രം?
3. കണിയാൻ, മണ്ണാത്തി, ശക്തൻതമ്പുരാൻ, ബുദ്ധൻ എന്നിവർ കഥാപാത്രമായ കാവാലത്തിന്റെ നാടകം?
4. 'കയിലുകൾ പിടിക്കണ കൈകളുണ്ടുയരണ്' എന്ന ഗാനം ഉൾപ്പെടുന്ന നാടകമേത്?
5. വൈലോപ്പിള്ളി ശ്രീധരമേനോന്റെ ആത്മകഥയുടെ പേര്?

II *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. തരിശുനിലം എന്ന കഥയിലെ അന്തരീക്ഷ സൃഷ്ടി ആ കഥയുടെ പ്രമേയത്തെ നിർണയിക്കുന്നതിലും കഥാപാത്രങ്ങളുടെ ഭാവഘടനകൾ വിവരിക്കുന്നതിനും സഹായഘടകമായിത്തീരുന്നതെങ്ങനെ?
7. കടൽത്തീരത്ത്, ആർക്കറിയാം എന്നീ കഥകളിലെ പ്രധാന പുരുഷ കഥാപാത്രങ്ങളുടെ സംഘർഷങ്ങളെ താരതമ്യം ചെയ്യുക.
8. 'സാകേതം' ഒരു പുരാണ നാടകമാണോ? നിങ്ങളുടെ അഭിപ്രായമെന്ത്?
9. 'ആ മനുഷ്യൻ നീ തന്നെ' എന്ന സി.ജെയുടെ നാടകത്തിലെ ബൈബിൾ പശ്ചാത്തലം സർഗാത്മകമായി മിഴിവ് നൽകുന്നതെങ്ങിനെ? വിശദമാക്കുക.
10. 'ഇത് ഭൂമിയാണ്' എന്ന നാടകത്തിന്റെ പ്രമേയം ചർച്ച ചെയ്യുക.



11. *ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം*
*ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ*
*കാലാഹിനാ പരിഗ്രസ്തമാം ലോകവു-*
*മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു*

– ആശയം വ്യക്തമാക്കുക.

12. വള്ളത്തോൾ 'കിളിക്കൊഞ്ചൽ' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
13. ബാലമനസ്സിന്റെ ആവിഷ്കാരം 'തള്ളയും കുട്ടിയും' എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുക.

III *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജന്മദിനം, കറുത്തചന്ദ്രൻ, കടൽത്തീരത്ത്, ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം – ഇവ യഥാക്രമം നവോത്ഥാനകാലം, നവോത്ഥാനത്തിനും ആധുനികതയ്ക്കും ഇടയിലെ ഘട്ടം, ആധുനികകാലം, ആധുനികോത്തരകാലം എന്നിവയെ പ്രതിനിധീകരിക്കുന്നു. എന്നാൽ ഇവയിലെല്ലാം ഭക്ഷണബിംബങ്ങൾ കടന്നുവരുന്നു. ഈ വിവരങ്ങളെ ആസ്പദമാക്കി 'മലയാള ചെറുകഥയിലെ ഭക്ഷണബിംബങ്ങൾ' എന്ന വിഷയത്തെപ്പറ്റി പ്രബന്ധം തയ്യാറാക്കുക.
15. മലയാള നാടകവേദിയുടെ ചരിത്രം സംഗ്രഹിക്കുക. പുതിയ നാടകങ്ങളുടെ പ്രമേയപരമായ പ്രത്യേകതകൾ സംഗ്രഹിക്കുക.
16. 'ലക്ഷ്മണസാന്ത്വനം' എന്ന ഭാഗത്തെ ആസ്പദമാക്കി എഴുത്തച്ഛന്റെ കവിതയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MLW E 3314

## എം. എ. മലയാളം (സാഹിത്യരചന)

## നാടകരചന

സമയം: 3 മണിക്കൂർ

മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മറിയാമ്മ നാടകത്തിന്റെ പ്രമേയമെന്ത്?
2. യോഗക്ഷേമ സഭയുടെ 22-ാം വാർഷികത്തിന് അരങ്ങേറിയ നാടകമേത്?
3. 'മുടിനാരേഴായ് ചീന്തീട്ട്' എന്ന ഗാനം ഉൾപ്പെടുന്ന നാടകം?
4. തനത് നാടകവേദി എന്നാലെന്ത്?
5. കർക്കിടകാം കുന്നത്ത് നമ്പൂതിരി ഏത് നാടകത്തിലെ കഥാപാത്രം?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ഇത് ഭൂമിയാണ്' എന്ന നാടകത്തിന്റെ സാമൂഹ്യപ്രസക്തിയെന്ത്?
7. കെട്ടിനിന്നു കൃമിക്കുന്ന അവസ്ഥയിൽ നിന്ന് മലയാളസാഹിത്യം മുന്നോട്ടു കുതിക്കുന്നതാണ് 'സമത്വവാദി' - ഈ അഭിപ്രായത്തോടുള്ള പ്രതികരണമെന്ത്?
8. മലയാളത്തിലെ ആദ്യകാല പ്രഹസനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
9. സംഗീതനാടകങ്ങളിൽ സദാരാമയുടെ സ്ഥാനമെന്ത്? വിവരിക്കുക.
10. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യചരിത്രത്തെ പുനർവായിക്കുകയാണ് 'പാട്ടബാക്കിയും' 'കൂട്ടുകൃഷി'യും - വിശദമാക്കുക.
11. വാമൊഴിയും പുരാവൃത്തവും 'പുലിജന്മ'ത്തിന്റെ വിജയത്തിൽ എങ്ങനെ നിർണായകമാവുന്നു?



12. ഇന്ത്യൻ നാടകസാഹിത്യത്തെക്കുറിച്ച് വിവരിക്കുക.
13. മലയാളത്തിലെ കുട്ടികളുടെ നാടകവേദിയെക്കുറിച്ച് ലേഖനം തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പൗരസ്ത്യ നാടകവേദിയുടെ തുടക്കവും വളർച്ചയും വിവരിക്കുക.
15. വിവിധ നാടകപ്രവർത്തനങ്ങളും അവയുടെ സാംഗത്യവും വിവരിക്കുക.
16. 1940കൾക്ക് ശേഷം മലയാളനാടകവേദിയിലുണ്ടായ പാശ്ചാത്യസ്വാധീനം വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MLW E 3315

**എം. എ. മലയാളം (സാഹിത്യരചന)**

**രചയിതാവ് - സവിശേഷപഠനം**
**എം.ടി. വാസുദേവൻ നായർ**

സമയം: 3 മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. എം.ടി. വാസുദേവൻ നായരുടെ രണ്ടാമൂഴം എന്ന നോവൽ ആരംഭിക്കുന്നത് മഹാഭാരതത്തിലെ ഏതു സന്ദർഭത്തിൽ നിന്നാണ്?
2. മഞ്ഞ് എന്ന നോവലിന്റെ കേന്ദ്രഭാവം എന്താണ്?
3. താങ്കൾ ആധുനികനാണോ എന്ന ചോദ്യത്തിന് കാഥികന്റെ കലയിൽ എം.ടി എന്താണ് ഉത്തരം നൽകുന്നത്?
4. എന്താണ് ബോധധാരാസമ്പ്രദായം?
5. ഒരു വടക്കൻ വീരഗാഥയിലെ ആഖ്യാനപരീക്ഷണമെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. എം.ടിയുടെ സാഹിത്യസമീപനത്തെ കാല്പനിക റിയലിസം എന്ന് ഏതർത്ഥത്തിലാണ് വിശേഷിപ്പിക്കാൻ കഴിയുക?
7. കാലത്തിലെ സുമിത്രയും മഞ്ഞിലെ വിമലയും തമ്മിൽ അടിസ്ഥാനപരമായുള്ള ഭാവവ്യത്യാസങ്ങൾ വിശകലനം ചെയ്യുക.
8. രണ്ടാമൂഴം എന്ന കൃതിയിലെ 'യാത്ര' എന്ന ഒന്നാം ഖണ്ഡത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?
9. ഷെർലക്ക് എന്ന കഥയിലെ 'പൂച്ച' എന്തിന്റെയെല്ലാം പ്രതീകമാണ്? ഇത് വായനക്കാരിൽ സ്ഥാപിക്കാൻ രചയിതാവിന് സാധിക്കുന്നതെങ്ങനെ?
10. പള്ളിവാളും കാൽച്ചിലമ്പും എന്ന കഥ നിർമ്മാല്യം എന്ന സിനിമയായപ്പോൾ വന്ന മാറ്റങ്ങൾ ഏവ?



11. എം.ടി എല്ലാ സാഹിത്യജനുസ്സുകളും പരീക്ഷിച്ച എഴുത്തുകാരനാണ്. ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കുക.
12. ബാല്യം എം.ടിയുടെ ഇഷ്ടവിഷയമാണ്. നിന്റെ ഓർമയ്ക്ക്, കുപ്പായം, മാണിക്യക്കല്ല് എന്നിവകളെ ആസ്പദമാക്കി ഒരു കുറിപ്പെഴുതുക.
13. കാഴ്ച എന്ന കഥയുടെ 'ആദർശസമീപനം' സ്ത്രീയനുകൂലനിലപാടാണ്; ഇത് രചനാപരമായി കൈവരുന്നതെങ്ങനെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. നവോത്ഥാന നോവലിൽനിന്ന് ആധുനിക നോവലിലേക്കുള്ള പാലമായി എങ്ങനെയാണ് എം.ടിയുടെ നോവലുകൾ വർത്തിക്കുന്നത് എന്ന് പരിശോധിക്കുക.
15. എം.ടി.യുടെ കൃതികളിൽ അടയാളപ്പെടുന്ന, ഫ്യൂഡലിസത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള മാറ്റത്തെ വിശദീകരിക്കുക.
16. കാഴ്ച എന്ന കൃതിയിൽ ദാമ്പത്യം എന്ന സ്ഥാപനത്തെ എം.ടി സ്ത്രീപക്ഷത്തുനിന്നു വീക്ഷിക്കുന്നു. കറുത്തചന്ദ്രൻ, വില്പന എന്നീ കഥകളിലും ഇതു കാണാം. എന്നാൽ, വാരിക്കുഴി, ബന്ധനം തുടങ്ങിയ കഥകൾ ഇതിന്റെ മറുപക്ഷമാണ്. രചനാപരമായ സവിശേഷതകൾ മുൻനിർത്തി, പരാമർശിച്ചിട്ടുള്ള ഇതര കഥകളെയും ഉൾപ്പെടുത്തി കാഴ്ചയുടെ രചനാസൗന്ദര്യം വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU MLW C 3416

**എം. എ. മലയാളം (സാഹിത്യരചന)**

# കഥേതരസാഹിത്യം

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യ കൃതിയുടെ സവിശേഷതകൾ എന്തെല്ലാം?
2. മലയാളത്തിലെ ആദ്യത്തെ ആത്മകഥ ഏത്?
3. 'ജീവചരിത്ര സാഹിത്യം' ആരുടെ കൃതിയാണ്?
4. വിദ്യാസംഗ്രഹം മാസിക ശാസ്ത്രമെഴുത്തിൽ നൽകിയ സംഭാവനകൾ എന്തെല്ലാം?
5. സ്മരണയായും ജീവചരിത്രമായും പരിഗണിക്കാവുന്ന ബി. കല്ല്യാണിക്കുട്ടിയമ്മയുടെ കൃതി ഏത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ജീവചരിത്ര സാഹിത്യത്തെ നിർവചിച്ച് അവയുടെ ആഖ്യാന സവിശേഷതകൾ വിശദീകരിക്കുക.
7. 'തസ്കരൻ', 'മാമുക്കോയ' തുടങ്ങിയ ജീവചരിത്ര കൃതികളെ മുൻനിർത്തി മലയാളത്തിലെ സമകാലിക ജീവചരിത്രകൃതികളുടെ സ്വഭാവസവിശേഷതകൾ വിലയിരുത്തുക.
8. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള രൂപപരവും ഭാവുകത്വപരവുമായ സാമ്യവ്യത്യാസങ്ങൾ വിശകലനം ചെയ്യുക.
9. ആത്മകഥാസാഹിത്യത്തിൽ കാലവും സമൂഹവും ചിത്രീകരിക്കപ്പെടുന്നത് എപ്രകാരമെന്ന് 'കണ്ണീരും കിനാവും' മുൻനിർത്തി വിശദീകരിക്കുക.



10. സഞ്ചാരസാഹിത്യത്തിലെ ആഖ്യാതാവിന്റെ സ്ഥാനം എന്തെന്ന് 'ഹിമവാന്റെ മുകൾത്തട്ടിൽ' -നെ മുൻനിർത്തി വിശകലനം ചെയ്യുക.
11. എസ്. കെ. പൊറ്റെക്കാട്ടിന്റെ സഞ്ചാരസാഹിത്യ കൃതികളുടെ സവിശേഷതകൾ വിശദീകരിക്കുക.
12. വൈജ്ഞാനിക വ്യവഹാരങ്ങൾ ആവിഷ്കരിക്കാനുള്ള മലയാളഭാഷയുടെ സാധ്യതകളും പരിമിതികളും വിമർശനാത്മകമായി വിലയിരുത്തുക.
13. മലയാളത്തിലെ ശാസ്ത്രനോവലുകളുടെ സവിശേഷകതകൾ വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സ്ഥാലികവും കാലികവുമായ മനുഷ്യാനുഭവങ്ങളുടെ രേഖപ്പെടുത്തലാണ് സഞ്ചാരസാഹിത്യത്തിൽ ദൃശ്യമാകുന്നത്. വിമർശനാത്മകമായി വിലയിരുത്തുക.
15. സവിശേഷമായ ജീവിതാനുഭവങ്ങളുടെ ആവിഷ്കാരമാണ് ആത്മകഥാസാഹിത്യത്തിൽ ദൃശ്യമാകുന്നത്. 'ജീവിതപ്പാത', 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം', 'സ്വപ്നങ്ങൾക്ക് ചിറകുകളുണ്ട്' -എന്നീ കൃതികളെ മുൻനിർത്തി വിശദീകരിക്കുക.
16. ശാസ്ത്രം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലെ ഭാഷയുടെ സംഭാവനകൾ എന്തെല്ലാമെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU MLW C 3417

**എം. എ. മലയാളം (സാഹിത്യരചന)**

# കേരള സംസ്കാരവും സംസ്കാരപഠനവും

സമയം: 3 മണിക്കൂർ　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മഹാശിലാസംസ്കാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. 'നാനിലങ്ങൾ' എന്ത്?
3. വ്യത്യസ്ത ലിപികൾ ഉൾച്ചേർന്ന കേരളത്തിലെ ചെപ്പേട് ഏത്? പ്രാധാന്യമെന്ത്?
4. സബാൾട്ടേൺ എന്നതുകൊണ്ട് ഗ്രാംഷി സൂചിപ്പിക്കുന്നതെന്ത്?
5. മഹാശ്വേതാദേവിയുടെ 'സ്തനദായിനി' ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തത് ആര്? പ്രാധാന്യമെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സംസ്കാരത്തെ സംബന്ധിച്ച ഉച്ച/നീച ഭേദത്തെ സമകാലിക സംസ്കാരപഠനം നോക്കിക്കാണുന്നതെങ്ങനെ?
7. പ്രാചീന കേരളത്തെ മനസ്സിലാക്കാൻ സഹായിക്കുന്ന വിദേശീയ കുറിപ്പുകൾ ഏവ? വിവരിക്കുക.
8. കേരളത്തിലെ ഇസ്ലാംമത രൂപീകരണവുമായി ബന്ധപ്പെട്ട മിത്തുകളെ സാംസ്കാരികമായി വിശകലനം ചെയ്യുക.
9. സംസ്കാരപഠനത്തിന്റെ സൈദ്ധാന്തിക ഉപകരണം എന്ന നിലയിൽ ഘടനാവാദാനന്തര ചിന്തയെ പരിചയപ്പെടുത്തുക.
10. 'സാംസ്കാരികമൂലധനം' എന്ന ആശയത്തെ കേരളീയ സന്ദർഭത്തിൽ വിശകലനം ചെയ്യുക.
11. 'ഐക്യകേരളത്തെ സംബന്ധിച്ച രാഷ്ട്രീയ നീക്കങ്ങൾക്ക് മുന്നേതന്നെ സാംസ്കാരികമായി കേരളം രൂപപ്പെടുവാൻ തുടങ്ങി' – ശരിയോ? ഉദാഹരണസഹിതം വിവരിക്കുക.
12. ഹോമി കെ. ഭാഭയുടെ ദേശീയതാ വിമർശനത്തെ വിവരിക്കുക.
13. നാരായണഗുരുവിനെ സംബന്ധിച്ച ഉദയകുമാറിന്റെ നിരീക്ഷണങ്ങളെ വിശകലനം ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. തിണസങ്കല്പത്തിന്റെ സാമൂഹിക പ്രാധാന്യമെന്ത്?
15. ക്ലാസിക്കൽ മാർക്സിസത്തെ പിൽക്കാല മാർക്സിസ്റ്റ് വിമർശകർ മറികടക്കുന്നത് എങ്ങനെയെല്ലാം?
16. എം.ടി, അൻസാരി, കേരളീയ പരിസരത്തിലെ മുസ്ലിം അപരനിർമ്മിതിയെ കണ്ടെടുക്കുന്നതെങ്ങനെ?

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU MLW E 3419

**എം. എ. മലയാളം (സാഹിത്യരചന)**

# രചയിതാവ് സവിശേഷപഠനം –മാധവിക്കുട്ടി

സമയം: 3 മണിക്കൂർ　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മാധവിക്കുട്ടിയുടെ കഥകൾക്ക് കളർകോട് വാസുദേവൻ നായർ തയ്യാറാക്കിയ പഠനത്തിന്റെ പേരെന്ത്?
2. കൃഷ്ണകാമുകിയുടെ അഭികാമചേതനയെന്ന് മാധവിക്കുട്ടിയെ വിശേഷിപ്പിച്ചതാര്?
3. എം. രാജീവ് കുമാർ മാധവിക്കുട്ടിയുടെ സാഹിത്യ ജീവിതത്തോട് ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
4. നോവെല്ല എന്ന സാഹിത്യരൂപത്തിന് ചെറുകഥയിൽ നിന്നുള്ള വ്യത്യാസമെന്ത്?
5. ബാല്യകാല സ്മരണകൾ, എന്റെ കഥ എന്നിവക്ക് പുറമെ ആത്മകഥാപരമായി മാധവിക്കുട്ടി രചിച്ച പുസ്തകങ്ങൾ ഏതൊക്കെ?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കോലാട് പ്രതീകാത്മകകഥ കൂടിയാണ് - വ്യക്തമാക്കുക.
7. തീക്ഷ്ണ പ്രണയത്തിന്റെ നോവുകൾ തരിശുനിലം എന്ന കഥയിലുണ്ട് - സമർത്ഥിക്കുക.
8. പീഡിപ്പിക്കുന്ന സൗന്ദര്യമായി പക്ഷിയുടെ മണത്തെ വായിക്കുന്നതിൽ സാംഗത്യമുണ്ടോ?
9. അന്യവൽക്കരണത്തിന്റെ ചിത്രങ്ങൾ നിറഞ്ഞ കവിതയാണ് ഏകമുഖി - വിപുലീകരിച്ചെഴുതുക.



10. 'പ്രേമമെന്ന രാവിന്
പുലർകാലമെത്തില്ല'
- സന്ദർഭവും ആശയവും വിശദീകരിക്കുക.
11. സ്നേഹത്തെയും തൃഷ്ണയെയും മറക്കാൻ ശ്രമിക്കുന്ന ജീവിതത്തിന്റെ പരാജയം ചന്ദനമരങ്ങളിൽ ആഖ്യാനം ചെയ്യപ്പെടുന്നതെങ്ങനെ?
12. നാലപ്പാട്ടെ ജീവിതത്തിനിടയിൽ ജാതിവ്യവസ്ഥയെക്കുറിച്ച് ആമിക്ക് ലഭിക്കുന്ന അറിവുകൾ എന്തൊക്കെ?
13. എന്റെ കഥയുടെ പ്രസിദ്ധീകരണം മലയാളത്തിലെ സാഹിത്യാന്തരീക്ഷത്തിലുണ്ടാക്കിയ ചലനങ്ങളെക്കുറിച്ച് സംഗ്രഹിച്ചെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കുടുംബത്തിന്റെ വ്യവസ്ഥാപിത ഘടനക്കുള്ളിൽ മനസ്സിലാക്കാനാവാത്ത ബന്ധങ്ങൾ മാധവിക്കുട്ടിയുടെ കഥകളിലുണ്ട് - വിശദീകരിക്കുക.
15. നഷ്ടപ്പെട്ട നീലാംബരി എന്ന കഥയിലെ സ്ഥലകാലങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
16. എന്റെ കഥയിൽ മാധവിക്കുട്ടി സൃഷ്ടിച്ച ഭ്രമാത്മക ലോകത്തിനടിയിലുള്ള കാമനകൾ, അധികാര ബന്ധങ്ങൾ എന്നിവയെ വിലയിരുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ്- 2023**

# MU MLW E 3420

**എം. എ. മലയാളം (സാഹിത്യരചന)**

## കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും

സമയം: **3** മണിക്കൂർ  മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. രണ്ടായിരത്തി ഇരുപത്തിരണ്ടിലെ ലിപി പരിഷ്കരണ ശേഷം കേരള ഗവൺമെന്റ് പരിഷ്കരിച്ച് അവതരിപ്പിച്ച യുനിക്കോഡ് ഫോണ്ടുകൾക്ക് ഉദാഹരണം എഴുതുക.
2. ആദ്യ തലമുറയിലെ കമ്പ്യൂട്ടറുകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
3. 'വിക്കി ഗ്രന്ഥശാല' – കുറിപ്പ് തയ്യാറാക്കുക.
4. 'ഇൻസ്ക്രിപ്റ്റ് കീബോർഡ്' എന്നാൽ എന്ത്?
5. ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നീഷിന്റെ (OCR) സാധ്യതകൾ എന്തെല്ലാമാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംങ്ങിന്റെ' സാധ്യതകൾ വിശകലനം ചെയ്യുക.
7. മലയാളത്തിലെ ആദ്യകാല വെബ്സൈറ്റുകൾ പരിചയപ്പെടുത്തുക.
8. മലയാളത്തിലെ ബ്ലോഗ് എഴുത്തുകളെ സാമാന്യമായി പരിചയപ്പെടുത്തുക.
9. സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകളും പരിമിതികളും വിശദീകരിക്കുക.
10. ചിഹ്നഭാഷയുടെ പരിഭാഷയിൽ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം? യന്ത്ര വിവർത്തനത്തെ മുൻനിർത്തി വിശദീകരിക്കുക.
11. മലയാളത്തിലെ ഇ-റീഡറുകളെ പരിചയപ്പെടുത്തുക.
12. മലയാളം ടൈപ്പിംങ്ങിന്റെ വിവിധ സാധ്യതകൾ വിശദീകരിക്കുക.
13. 'മലയാളത്തിലെ കവർ ഡിസൈനിംങ്ങിന്റെ ചരിത്രവും വർത്തമാനവും' ഭാവുകത്വ മാറ്റങ്ങളെ മുൻനിർത്തി വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ വികാസ ചരിത്രത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
15. മലയാളത്തിലെ സൈബർ സാഹിത്യത്തിന്റെ ചരിത്രവും വർത്തമാനവും വിമർശനാത്മകമായി വിലയിരുത്തുക.
16. യന്ത്രവിവർത്തനത്തിന്റെ സാധ്യതകളും പരിമിതികളും മലയാളഭാഷയെ മുൻനിർത്തി വിശദീകരിക്കുക.

*****